# എച്ച്.എസ്സ് ഫോർ ഗേൾസ്

## തേവലക്കര

## *ടെക് വേൾഡ്*



# ആമുഖം

കൊല്ലം ജില്ലയിൽ പ്രകൃതി രമണീയമായ കുന്നത്തൂർ താലൂക്കിൽ മൈനാഗപ്പള്ളി പഞ്ചായത്തിൽ ദേവലോകക്കരയുടെ നാമദേയത്തിൽ അറിയപ്പെടുന്ന തേവലക്കര ഗേൾസ് ഹൈ സ്കൂൾ ആയിരത്തി തൊള്ളായിരത്തി പതിനേഴിൽ ഇംഗ്ലീഷ് മീഡിയം അപ്പർ പ്രൈമറി സ്കൂളായി പ്രവർത്തനം ആരംഭിച്ചു.ശതാബ്ദിയുടെ നിറവിലായ ഈ വിദ്യാലയം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ഭരണത്തിൻ കീഴിലാണ്.ഓരോ വിദ്യാർത്ഥിയുടെയും സർവതോൻമുഖമായ വികസനം ലക്ഷ്യമാക്കി അവരെ മികവിലേക്ക് നയിക്കുന്നതിനാവശ്യമായ ഭൗതികസാഹചര്യം ഈ വിദ്യാലയത്തിന്റെ സ്വപ്നമാണ് . ഐ ടി മേഖലയിൽ കുട്ടികൾക്ക് കൂടുതൽ പ്രാധാന്യം ലഭിക്കാൻ വേണ്ടിയാണ്
കേരള ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ നടത്തിവരുന്ന ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി 2018 ജനുവരി 22 ന് പിണറായി വിജയൻ
ഉദ്ഘാടനം ചെയ്തു . അങ്ങനെ ലിറ്റിൽ കൈറ്റ്സ് എന്ന ഈ പദ്ധതി ഐ ടി മേഖലയിലേക്കുള്ള ഒരു കിളിവാതിൽ തുറക്കുമെന്ന് നമ്മുക്ക് പ്രതീക്ഷിക്കാം . വിദ്യാലയ
വികസന സമിതി പൂർവ്വ വിദ്യാർത്ഥികൾ , സാമൂഹിക രാഷ്ട്രീയ സാംസ്കാരിക സന്നദ്ധ സംഘടനകൾ ഇവരുടെയൊക്കെ സാന്നിദ്ധ്യം ഈ സ്കൂളിന് ഉണർവ് നൽകുന്നു .

# സന്ദേശം

''ഹൈ ടെക് വേൾഡ് ''ലേക്ക് അതിവേഗം മുന്നേറികൊണ്ടിരിക്കുന്ന തേവലക്കര ഗേൾസ് ഹൈ സ്കൂളിലെ യുവപ്രതിഭകൾക്കും അവരെ ശരിയായ പാതയിലൂടെ

നയിയ്ക്കുന്ന സാരഥികൾക്കും എല്ലാ പിന്തുണയും അഭിനന്ദനങ്ങളും .

സ്കൂൾ ഹെഡ്മിസ്ട്രസ്സ്

ടി .ആർ. ജയലക്ഷ്മി

# എഡിറ്റോറിയൽ

പൊതുവിദ്യാഭ്യാസം പുരോഗതിയുടെ ഉന്നതികളിലേക്ക് പറന്നുയർന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ശാസ്ത്ര സാങ്കേതിക സാംസ്കാരിക രംഗങ്ങളിൽ അത്ഭുതാവഹവും അസൂയാവഹവുമായ പുരോഗതി

കൈവരിച്ചുകൊണ്ടിരിക്കുന്നു . പാഠപുസ്തകങ്ങളുടെ പഠനം കൊണ്ടുമാത്രം
വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കപ്പെടുന്നില്ല എന്ന തത്വം ഉൾക്കൊണ്ട് വിവര സാങ്കേതിക വിദ്യയിലൂടെ വിദ്യാർത്ഥിനികളിൽ അന്തർലീനമായിരിക്കുന്ന
സർഗ്ഗവാസനകളെ വളർത്തിയെടുക്കാനും സഹപാഠികളുടെ മുന്നിലും അതുവഴി ലോകത്തിനുമുന്നിലും അവതരിപ്പിക്കുന്നതിനുവേണ്ടി ഗേൾസ് ഹൈസ്കൂളിലെ

ലിറ്റിൽ കൈറ്റ് അവതരിപ്പിക്കുന്ന ചെറിയ സാഹിത്യവിരുന്ന് . ഇന്നലകൾ വെറും ഓർമ്മകളായ നമുക്ക്, ആ ഓർമ്മകളിൽ ഒരു വളപ്പൊട്ടാകാൻ  ഈ ഭാവനാമാല്യം

**ഏവർക്കും മുന്നിൽ സവിനയം സമർപ്പിക്കുന്നു .**

# ചരിത്രം

കൊല്ലം ജില്ലയിൽ പ്രകൃതി രമണീയമായ കുന്നത്തൂർ താലൂക്കിൽ മൈനാഗപ്പള്ളി പഞ്ചായത്തിൽ തോപ്പിൽമുക്ക് ജംഗ്ഷനിൽ

നിന്നും ഒരു കിലോമീറ്ററോളം പടിഞ്ഞാറ് മാറി സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം 1917 ൽ ഇംഗ്ലീഷ് മീഡിയം അപ്പർ പ്രൈമറി സ്കൂളായി

പ്രവർത്തനം ആരംഭിച്ചു . മികച്ച രീതിയിൽ പ്രവർത്തിച്ച ഈ വിദ്യാലയം കുട്ടികളുടെ ആധിക്യവും പ്രവർത്തനത്തിന്റെ മികവും പരിഗണിച്ച്

ഹൈസ്കൂളായി ഉയർത്തി . 1949 ൽ ശ്രീകുമ്പളത്ത് ശങ്കുപ്പിള്ള , ശ്രീ .നെടുമ്പുറത്ത് രാമൻപിള്ള എന്നിവരുടെ ശ്രമഫലമായിട്ടാണ് ഈ

വിദ്യാലയം ഈ പ്രദേശത്തെ ആദ്യത്തെ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടത്. കുട്ടികളുടെ ബാഹുല്യം നിമിത്തം 1967 ൽ ഹൈസ്കൂൾ

ഫോർ ബോയ്സ് , ഹൈസ്കൂൾ ഫോർ ഗേൾസ് എന്നിങ്ങനെ രണ്ട് സ്കൂളുകളായി വിഭജിക്കപ്പെട്ടു . തേവലക്കര ,മൈനാഗപ്പള്ളി ,പടിഞ്ഞാറെകല്ലട

മൺട്രോതുരുത്ത് എന്നീ നാലു പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പതിനൊന്ന് അംഗ ജനകീയ സമിതിയാണ് ഈ സ്കൂളിന്റ ഭരണച്ചുമതല

വഹിയ്ക്കുന്നത് .ഈ ജനകീയ സമിതിയുടെ സെക്രട്ടറിയാണ് സ്കൂൾ മാനേജർ .നൂറ് വർഷത്തിന്റെ നിറവിലും അതിന്റെ ആഘോഷങ്ങളിലൂടെയുമാണ്

ഈ വിദ്യാലയം കടന്നുപോയ്ക്കൊണ്ടിരിക്കുന്നത്. ഏകദേശം രണ്ടേക്കറോളം സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ പഴമയെവിളിച്ചോതുന്നതും,

മനോഹരമായിഓടുമേഞ്ഞതുമായ ഒമ്പത് കെട്ടിടങ്ങളും , ശ്രീ . കെ എൻ .ബാലഗോപാൽ എം .പി . യുടെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് , നിർമ്മിച്ച

രണ്ട് ക്ലാസ്സ് മുറികളും ഉൾപ്പെടുന്ന പരിമിത സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന ഒരു കമ്പ്യൂട്ടർ ലാബും ഈ സ്കൂളിനുണ്ട് . സ്കൂളിനോട് ചേർന്നുള്ള

ഗ്രൗണ്ട് കൂടാതെ പ്രദേശവാസികൾക്ക് കൂടി ഉപയോഗപ്രദമായ ഒരു ഗ്രൗണ്ട് സ്കൂളിനോട് തൊട്ടടുത്തായി സ്ഥിതി ചെയ്യുന്നു . കൂടാതെ

കുട്ടികളുടെ കലാപരമായ വാസനകൾക്ക് മാറ്റ് കൂട്ടാൻ കഴിയുന്ന തരത്തിലുള്ള ഒരു സ്കൂൾ ഓഡിറ്റോറിയവും ഉണ്ട് .

മലയാള സാഹിത്യത്തിലെ വിവിധമേഖലകളിൽ വ്യക്തി മുദ്രപതിപ്പിച്ച ശ്രീ ശൂരഞ്ഞാട് കുഞ്ഞൻപിള്ള , അർജ്ജുന അവാർഡ്

ജേതാവ് ശ്രീമതി കെ .സാറാമ്മ തുടങ്ങിയവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ് .

.

# അറിവിനാശാൻ അധ്യാപകൻ




അറിവിൻകടാക്ഷം നൽകുമെൻ ഗുരുനാഥൻ
ചൊല്ലിപഠിപ്പിച്ചതെന്നുമെന്നെ
അറിവിൻ ലോകം തുറന്നജാലകം
അറിവിൻ മീതെ മറ്റാരുമില്ല
പൂവിതൾപോലെ അറിവിൻകടാക്ഷം
സുഗന്ധം പരന്നിട്ടും ഭൂമിയാകെ
അറിവിന്റെ ലോകം കെട്ടിതുറന്നിട്ടും
ഭൂമിയെൻ മക്കളെന്നപോലെ
അറിവെന്ന മൂന്നക്ഷരം എന്നുള്ളിൽ
ചൊല്ലിപഠിപ്പിച്ചദെന്നുമെൻ അധ്യാപകൻ

ദേവു
9B

# അമ്മ



ആഴക്കടലിൽ ഒളിച്ചുകിടക്കുന്ന
നാഴികകല്ലാണെന്നമ്മ
വാത്സല്യമൂറുന്ന
പുഞ്ചിരിയുമായി
എൻ മുന്നിൽ നിൽക്കുമെന്നമ്മ

രാപ്പകലില്ലാതെ
എന്നെവളർത്തുന്ന
രാപ്പാടിയാണെന്നമ്മ

**Kalyani**
**9B**

# മണ്ണ്



*വിണ്ണിന്റെ നേർക്കു ഞാൻ കൈനീട്ടി*
*വാങ്ങിയ വെട്ടവും വർണവും*
*ചൂടുമെല്ലാം*
*ഈ മണ്ണിനായി ഞാൻ*
*നൽകുമെല്ലോ*
*ഈ മണ്ണിലേക്ക് പകരുമല്ലോ*
*മുന്നിൽ നാം കാണമീ*
*നരകത്തിനപ്പുറം*
*ഒരു സ്വർഗ്ഗമുണ്ടോ!!!*
*ആ സ്വർഗം ഈ*
*മണ്ണിലുയരും .*

ആമിന
9 A

# മഴ

ഇടവമാസത്തിൽ മഴ വന്ന നാൾ എൻ
മാനം പൂമൊട്ടുപോൽ വിരിഞ്ഞിരുന്നു !!!
മഴത്തുള്ളി ഭൂമിയിൽ വന്ന് പതിക്കുന്ന നേരത്തു
ഭൂമിയുടെ മാതൃത്വം ഞാൻ തിരിച്ചറിയുന്നു
മഴമുകിൽ മാനത്തു വന്നിടുമ്പോൾ കൂട്ടുകാരുമൊത്തു
തുള്ളികളിക്കുവാൻ ഏറെ ഇഷ്ടം
മഴ വന്ന നേരത്തു തോടിലെ വെള്ളത്തിൽ
ആറ്റുവഞ്ചി ഉണ്ടാക്കി കളിയ്ക്കാൻ ഏറെ ഇഷ്ടം

മായലക്ഷ്മി
9b



# കർഷകൻ

പാടത്തിൻ വിയർപ്പുള്ളിലൊതുക്കി
ദരിദ്രത്തിൻ പെഴവഴിയിൽ
ഓട്ടുകയാണയാൾ ,എന്തെന്നറിയാതെ
വിയർപ്പിൻഗന്ധവുമായി ലോകത്തെ
പരിചരിക്കുകയാണയാൾ
നാളെയെന്തെന്നറിയാതെ ജീവിതമാകുന്ന
നാടകശാലയിലൂരുത്തിരിഞ്ഞു ,
പകലന്തിയോളം
പണിയെടുക്കുകയാണയാൾ !!കർഷകൻ



# പ്രഭാതം

പുത്തനുണർവിന്റെ പ്രകാശവുമായ്
എന്നും പ്രഭാതമെന്നെ വിളിക്കും

പുതുമലരുകൾ മിഴിതുറന്നു ചിരിക്കുന്ന
പുതുലോകത്തെ കാണാനെന്നെ ക്ഷണിക്കും

പുത്തനുഷസ്സിന്റെ  നൈർമല്യവുമായി വരും
പുതുപുലരികൾക്കായി ഞാൻ കാതോർത്തിരിക്കും

എന്നും പുതുമയായി ഓരോ പ്രഭാതവും
എന്നിലെ നന്മയെതൊട്ടുണർത്താനെത്തുമ്പോൾ

ഓരോ പുൽക്കൊടിത്തുമ്പിലെ തുമുത്തും
എന്നിൽ നിറവാർന്ന ചൈതന്യമേറുന്നു

മഞ്ഞിൻ പൊന്നാട ചുറ്റി വന്നെത്തുന്ന
പ്രഭാതമേ ...നിനക്കെന്നും സുസ്വാഗതം .



ആര്യ
**9C**



# വേഴാമ്പൽ

ജീവിത മഹാനിദ്രയിൽ
നിന്നുണർത്തി നീ
നിറമുള്ള ജീവിത പീലി തന്നു
എന്നാത്മക ഹൃദയത്തിൽ
ഒരു കൂടൊരുക്കി നീ
നിറമുള്ള ജീവിത കൂട് തന്നു
വേഴാമ്പൽ
ജീവിത മഹാനിദ്രയിൽ
നിന്നുണർത്തി നീ
നിറമുള്ള ജീവിത പീലി തന്നു
എന്നാത്മക ഹൃദയത്തിൽ
ഒരു കൂടൊരുക്കി നീ
നിറമുള്ള ജീവിത കൂട് തന്നു
എന്റെ ഹൃദയത്തിൻ
ആകാശവും നീ
എൻ ദുഃഖാന്തര
ജീവിതമുണർത്തി നീ !!!

ANGEL
9B




# വിദ്യാഭ്യാസം

വിദ്യാഭ്യാസം എന്നാൽ എന്ത് ? വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെന്ത് ? നമുക്ക് ചിന്തിക്കാം .ഈ വക സുപ്രധാനമായ കര്യങ്ങളെക്കുറിച്ച്

ഈ ലോകത്തു ലക്ഷ്യബോധമുള്ള ജീവിതം നയിക്കണമെങ്കിൽ വിദ്യാഭ്യാസം വേണം.വിദ്യാഭ്യാസത്തെക്കുറിച്ച് സ്വാമിവിവേകാനന്ദൻ പറഞ്ഞത് ഇപ്രകാരം : 'യഥാർത്ഥ വിദ്യാഭ്യാസം മനുഷ്യത്വത്തെ ഉണർത്തുന്നതാകണം '. അതു തന്നെയായിരിക്കണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും .

ഒരു വിദ്യാർത്ഥിയെ സീറോയിൽനിന്നും ഹീറോയിലേക്ക് ഉയർത്തുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം .വിദ്യാഭ്യാസം ജനനം മുതൽ മരണം വരെ നടക്കുന്ന ഒരു പ്രക്രിയയാണെന്നോർക്കുക .'ഞാൻ എത്ര കാലം ജീവിക്കുന്നുവോ അത്രയും കാലം പഠിക്കുന്നു '.

വർണ

**9A**

# കംപ്യൂട്ടർ വിശേഷം



1 . കംപ്യൂട്ടറിന്റെ പിതാവ് ?

2 . ലോക കംപ്യൂട്ടർ സാക്ഷരത ദിനം ?

3 . കംപ്യൂട്ടർ സുരക്ഷാ ദിനം ?

4 . കംപ്യൂട്ടർ എന്ന പദം ഉത്ഭവിച്ചത് ?

5 . മൊബൈൽ ഫോണുകൾക്ക് വേണ്ടി ഗൂഗിൾ വികസിപ്പിച്ചെടുത്ത ഓപ്പറേറ്റിംഗ്സിസ്റ്റം ?

ഉത്തരം

1 . ചാർലെസ്ബാബേജ്

2. ഡിസംബർ 12

3 . നവംബർ 30

4 . കംപ്യൂട്ടസ് [ലാറ്റിൻ ]

5 . ആൻഡ്രോയിഡ്

ഫൗസിയ

9C